**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2216** **04.11.2019 – ൽ മറുപടിക്ക്.**

**റേഷൻ കടകളിലെ അളവ് തൂക്ക കൃത്രിമം തടയുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. അബ്ദുറഹിമാൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പല റേഷൻ കടകളിലും ഇപ്പോഴും അളവ് തൂക്കത്തിൽ കൃത്രിമം നടക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇത്തരത്തിൽ അളവ് തൂക്കത്തിൽ കൃത്രിമം കാണിക്കുന്നവരെ കണ്ടെത്തുന്നതിനും മാതൃകാപരമായ ശിക്ഷ നടപ്പിലാക്കുന്നതിനുമായി ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും അത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ അടിയന്തിരമായി നടപടി സ്വീകരിക്കാറുണ്ട്. അളവ് തൂക്കത്തിൽ കൃത്രിമം കാണിക്കുന്നവരെ കണ്ടെത്തുന്നതിന് റേഷൻ കടകളിൽ ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ കർശന പരിശോധന നടത്തുന്നുണ്ട്. കൃത്രിമം കണ്ടെത്തിയാൽ ആയതിന്റെ ഗൗരവമനുസരിച്ച് പിഴ ചുമത്തുന്നതുൾപ്പെടെ, 1966-ലെ കേരള റേഷനിംഗ് ഓർഡർ, 1968-ലെ മണ്ണെണ്ണ നിയന്ത്രണ ഉത്തരവ് എന്നിവയിലെ വകുപ്പുകൾ പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കൂടാതെ പരിശോധന നടത്തുമ്പോൾ അളവ് തൂക്ക വകുപ്പ് സീൽ ചെയ്ത ഇലക്ട്രോണിക് വെയിംഗ് ബാലൻസ് കാർഡുടമകൾ കാണത്തക്ക വിധമാണ് ഉപയോഗിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) എല്ലാ റേഷൻകടകളിലും ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കുന്നുണ്ടെന്നും അതിലെ ഡിസ്പ്ലേ ബോർഡ് ഉപഭോക്താവ് കാണുന്ന വിധത്തിലാണെന്ന് ഉറപ്പു വരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസ് ഉപയോഗിച്ച് വരുന്നതും, ആയതിന്റെ ഡിസ്പ്ലേ ബോർഡ് ഉപഭോക്താവ് കാണുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**